# പുകവലി നിയന്ത്രിക്കാമെങ്കിൽ വില്പനയും നിയന്ത്രിച്ചുകൂടെ?

**20 വയസുമുതൽ 60 വയസ്സുവരെ ദിവസവും ഒരു പാക്കറ്റ് സാധാരണ സിഗരറ്റ് വലിക്കുന്ന ഒരാളെ എടുക്കുക. ഈ 40 വർഷംകൊണ്ട് അയാൾ ഒന്നരലക്ഷം സിഗരറ്റുകൾ വലിച്ചിരിക്കും. അതിനുപകരം ഓരോ മാസവും സിഗരറ്റിനുവേണ്ടി ചെലവാകേണ്ടിയിരുന്ന പണം അയാൾ ഒരു പോസ്റ്റോഫീസ് എക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരുന്നു എന്നും കരുതുക. അയാൾക്ക് 60 വയസ് തികയുമ്പോൾ 30 ലക്ഷം രൂപയെങ്കിലും എക്കൗണ്ടിലുണ്ടായിരിക്കും.**

പുകവലി അതു വലിക്കുന്നയാൾക്കു മാത്രമല്ല അതിന്റെ സമീപത്തുനിൽക്കുന്നവർക്കും മാരകമായ രോഗങ്ങൾ ഉണ്ടാക്കുമെന്ന് ലോകമെമ്പാടും അംഗീകരിച്ചുകഴിഞ്ഞു. എന്തിനും രണ്ടഭിപ്രായമുള്ള ഈ ലോകത്ത് എല്ലാവരും സമ്മതിക്കുന്ന ഒരേ ഒരു കാര്യം 'പുകവലി ആരോഗ്യത്തിന് ഹാനികരമാണ്' എന്നതായിരിക്കും.

പുകവലിമൂലം വലിക്കുന്നയാളുടെ സമീപത്തുനിൽക്കുന്നവർക്കും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് സംശയാതീതമായി തെളിഞ്ഞതോടെ പരസ്യമായ പുകവലിയും പൊതുസ്ഥലങ്ങളിലെ പുകവലിയും ഗുരുതരമായ ക്രിമിനൽ കുറ്റമായി കണക്കാക്കി ശിക്ഷ നൽകുന്ന സമ്പ്രദായം വിവിധ രാജ്യങ്ങളിൽ നടപ്പാക്കിവരികയാണ്. ലോകാരോഗ്യ സംഘടന പുകവലിക്കെതിരെ ശക്തമായ പ്രചാരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പുകവലിയുടെ മാരകസ്വഭാവത്തെക്കുറിച്ചുള്ള ഈ പുതിയ അവബോധമാണ്, പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചുകൊണ്ട് കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനു പുറകിലും ഉള്ളത്.

## പുകവലി നിരോധനം

ഹൈക്കോടതി ഉത്തരവോടെ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് ഒരു ക്രിമിനൽ കുറ്റമായി മാറിയിരിക്കുന്നു. പൊതുജനത്തിന് ശല്യമുണ്ടാക്കുന്ന പ്രവൃത്തികളിലൊന്നായാണ് അത് പരിഗണിക്കപ്പെടുക. പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നവരെ വാറണ്ട് ഇല്ലാതെ അറസ്റ്റ് ചെയ്യാനും കേസ് ചാർജ് ചെയ്യാനും പോലീസിന് അധികാരമുണ്ടായിരിക്കും. കുറ്റത്തിന് 500 രൂപ വരെ പിഴ ചുമത്താൻ മജിസ്ട്രേറ്റുമാർക്ക് അധികാരമുണ്ടായിരിക്കും. പൊതുശല്യം ഉണ്ടാക്കുന്നവർക്കെതിരെ ഉപയോഗിക്കുന്ന ക്രിമിനൽ നടപടിച്ചട്ടത്തിലെ വകുപ്പനുസരിച്ചും പരിസ്ഥിതി സംരക്ഷണ നിയമമനുസരിച്ചും കേസ് ചാർജ് ചെയ്യാവുന്നതാണ്.



## പൊതുസ്ഥലങ്ങൾ

സർക്കാർ ഓഫീസുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ആരാധനാ കേന്ദ്രങ്ങളും കടകളും വാണിജ്യ കേന്ദ്രങ്ങളും ഫാക്ടറികളും വാഹനങ്ങളും വാഹനങ്ങൾ കാത്തു നിൽക്കുന്ന സ്ഥലങ്ങളും ബാറുകളും വിനോദകേന്ദ്രങ്ങളും എല്ലാ പൊതുവഴികളും പൊതുജനങ്ങൾക്ക് പ്രവേശിക്കാനവകാശമുള്ള എല്ലായിടങ്ങളും 'പൊതുസ്ഥലങ്ങൾ' എന്ന ഗണത്തിൽപ്പെടും.

## പുകയില എന്ന രക്ഷസ്സ്

പുകയില കത്തിക്കുമ്പോളുണ്ടാകുന്ന പുകയിൽ മനുഷ്യശരീരത്തിന് ദോഷകരങ്ങളായ 200-ലേറെ രാസപദാർത്ഥങ്ങളുണ്ട്. അതിൽത്തന്നെ നാല്പതിലേറെ രാസവസ്തുക്കൾ ക്യാൻസറിനു കാരണമാകുന്നവയാണ്. അവയിൽ തന്നെ ഏറ്റവും ദോഷകരമായ അളവിൽ കാണപ്പെടുന്നവയാണ് നിക്കോട്ടിൻ, ടാർ, കാർബൺ മോണോക്സൈഡ് എന്നിവ.

തുടർച്ചയായി ചെറിയ അളവിൽ

(ശേഷം അഞ്ചാം പേജിൽ)